**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 466** **08-07-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നായ തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയുടെ പ്രാഥമിക പദ്ധതി രേഖ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | വിശദ പദ്ധതി രേഖയുടെ[Detailed Project Report (DPR)] സംക്ഷിപ്ത രൂപത്തിന്റെ (Executive Summary) കരട് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി രേഖയിൽ ഒന്നാം ഘട്ട പദ്ധതിയുടെ നടത്തിപ്പിനായും പുനരധിവാസത്തിനായും ഏകദേശം എത്ര തുക ചെലവ് വരുമെന്നാണ് പറഞ്ഞിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | വിശദ പദ്ധതി രേഖക്ക്[Detailed Project Report (DPR)] അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയുടെ ചെലവ്, അന്തിമരൂപം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (സി) | ഒന്നാം ഘട്ടത്തിൽ വിഭാവനം ചെയ്യുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ; പദ്ധതി കൊച്ചി മെട്രോ മാതൃകയിൽ മേൽപ്പാലങ്ങളിലൂടെയാണോ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ; | (സി) | വിശദ പദ്ധതി രേഖക്ക്[Detailed Project Report (DPR)] അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയുടെ ചെലവ്, അന്തിമരൂപം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (ഡി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ എന്തെല്ലാം പ്രാഥമിക ഇടപെടലുകളാണ് കേന്ദ്ര സർക്കാരുമായി ഇതുവരെ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതികൾക്കുള്ള വിശദ പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് കേന്ദ്രാനുമതി ലഭ്യമാക്കുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ